12
2024
ജൂലൈ
വെള്ളി
മിഥുനം 29

NAUTICAL TIMES
KERALA

The National Daily in Malayalam / English


# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.219 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-219 | പേജ് 4. വില 2.00 രൂപ

02 ക്ഷയരോഗം ഇപ്പോഴും കനത്ത ഭീഷണി
03 കോവളം രാജ്യത്തെ കരുത്തുറ്റ വിനോദസഞ്ചാര കേന്ദ്രം
04 കർക്കടകവാവ് ബലിതർപ്പണത്തിന് വിപുലമായ ക്രമീകരണങ്ങൾ : മന്ത്രി വി.എൻ വാസവൻ



# കേരളത്തിന്റെ മടിത്തട്ടിൽ മദർഷിപ്പ്

വിഴിഞ്ഞം : കേരളത്തിന്റെ വികസന സ്വപ്നമായ വിഴിഞ്ഞം തുറമുഖത്ത് ആദ്യ മദർഷിപ് സാൻ ഫെർണാണ്ടോ നങ്കൂരമിട്ടു. വാട്ടർ സല്യൂട്ട് നൽകിയാണു കപ്പലിനെ സ്വീകരിച്ചത്. ചെണ്ട കൊട്ടിയും ദേശീയപതാക വീശിയും പ്രദേശവാസികൾ ആഘോഷമാക്കി. മദർഷിപ്പിന്റെ നിയന്ത്രണം തുറമുഖ ക്യാപ്റ്റൻ ഏറ്റെടുത്തു. രാവിലെ ഏഴരയോടെ കപ്പൽ വിഴിഞ്ഞം തുറമുഖത്തിന്റെ ഔട്ടർ ഏരിയയിൽനിന്നു പുറപ്പെട്ടിരുന്നു. സ്വീകരിക്കാനായി ഔട്ടർ ഏരിയയിലേക്ക് പോയ ടഗ് ബോട്ടുകൾക്കൊപ്പമാണ് കപ്പൽ വിഴിഞ്ഞത്തേക്ക് എത്തിയത്. രാവിലെ 7.15 ഓടെയാണ് കപ്പൽ വിഴിഞ്ഞം തുറമുഖത്തിന്റെ ഔട്ടർ ഏരിയയിലെത്തിയത്.

തുറമുഖ മന്ത്രി വി.എൻ. വാസവന്റെ നേതൃത്വത്തിൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ, എം വിൻസന്റ് എംഎൽഎ, തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ എസ് ശ്രീനിവാസ്, വിസിൽ എം ഡി ദിവ്യ എസ് അയ്യർ, അദാനി പോർട്സ് സ്പെഷ്യൽ ഇക്കോണമിക് സോൺ സി ഇ ഒ അശ്വനി ഗുപ്ത, അദാനി പോർട്സ് സി ഇ ഒ പ്രണവ് ചൗധരി, വിഴിഞ്ഞം പോർട്ട് സി ഇ ഒ പ്രദീപ് ജയരാമൻ എന്നിവർ ചേർന്ന് കപ്പലിനെ സ്വീകരിച്ചു. ഡാനിഷ് കണ്ടെയ്നർ ഷിപ്പ് കമ്പനി മെർസ്ക് ലൈനിന്റെ 'സാൻ ഫെർണാണ്ടോ' ചൈനയിലെ ഷിയാമൻ തുറമുഖത്ത് നിന്നാണ് വിഴിഞ്ഞത്ത് എത്തിയത്.

സിയാമെൻ തുറമുഖത്തുനിന്ന് പുറപ്പെട്ട്, എട്ട് ദിവസം കൊണ്ട് യാത്ര പൂർത്തിയാക്കിയാണ് സാൻ ഫെർണാണ്ടോ വിഴിഞ്ഞത്ത് എത്തിയത്. ഡാനിഷ് കമ്പനിയായ മെസ്‌ക്കിന്റെ ഈ കപ്പലിന് 9 വർഷം പഴക്കമുണ്ട്. മാർഷൽ ദ്വീപ് പതാകയേന്തിയ കപ്പൽ ജൂലൈ 2നാണ് സിയാമെനിൽനിന്ന് പുറപ്പെട്ടത്. രണ്ടായിരത്തിലേറെ കണ്ടെയ്നറുകളാണ് കപ്പലിലുള്ളത്. ബർത്തിങ് കഴിഞ്ഞാൽ ഇമിഗ്രേഷൻ, കസ്റ്റംസ് ക്ലിയറൻസും നടക്കും. പബ്ലിക് ഹെൽത്ത് ഓഫിസർ നൽകുന്ന മെഡിക്കൽ ക്ലിയറൻസും വേണം. പിന്നാലെ കണ്ടെയ്നറുകൾ ഇറക്കും. വിഴിഞ്ഞത്ത് സജ്ജമാക്കിയ കൂറ്റൻ ക്രെയിനുകളാകും ചരക്ക് ഇറക്കുക. ഇന്ത്യയിലെ തന്നെ മറ്റൊരു തുറമുഖത്തിനും അവകാശപ്പെടാനാകാത്ത അത്ര ശേഷിയുള്ള എട്ട് ഷിപ് ടു ഷോർ ക്രെയ്നുകളും 23 യാർഡ് ക്രെയ്നുകളുമാണ് ഒരുക്കിയിരിക്കുന്നത്. ഓട്ടമേറ്റഡ് സംവിധാനം വഴി ചരക്കിറക്കും കയറ്റവും നിയന്ത്രിക്കാൻ കഴിയും.

രണ്ടായിരത്തോളം കണ്ടെയ്നറുകൾ കപ്പലിൽ നിന്ന് ഇറക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു.

സിയാമെൻ തുറമുഖത്തുനിന്ന് പുറപ്പെട്ട്,എട്ട് ദിവസം കൊണ്ട് യാത്ര പൂർത്തിയാക്കിയാണ് സാൻ ഫെർണാണ്ടോ വിഴിഞ്ഞത്ത് എത്തിയത്. ഡാനിഷ് കമ്പനിയായ മെസ്‌ക്കിന്റെ ഈ കപ്പലിന് 9 വർഷം പഴക്കമുണ്ട്. മാർഷൽ ദ്വീപ് പതാകയേന്തിയ കപ്പൽ ജൂലൈ 2നാണ് സിയാമെനിൽനിന്ന് പുറപ്പെട്ടത്. രണ്ടായിരത്തിലേറെ കണ്ടെയ്നറുകളാണ് കപ്പലിലുള്ളത്. ബർത്തിങ് കഴിഞ്ഞാൽ ഇമിഗ്രേഷൻ, കസ്റ്റംസ് ക്ലിയറൻസും നടക്കും. പബ്ലിക് ഹെൽത്ത് ഓഫിസർ നൽകുന്ന മെഡിക്കൽ ക്ലിയറൻസും വേണം. പിന്നാലെ കണ്ടെയ്നറുകൾ ഇറക്കും. വിഴിഞ്ഞത്ത് സജ്ജമാക്കിയ കൂറ്റൻ ക്രെയിനുകളാകും ചരക്ക് ഇറക്കുക. ഇന്ത്യയിലെ തന്നെ മറ്റൊരു തുറമുഖത്തിനും അവകാശപ്പെടാനാകാത്ത അത്ര ശേഷിയുള്ള എട്ട് ഷിപ് ടു ഷോർ ക്രെയ്നുകളും 23 യാർഡ് ക്രെയ്നുകളുമാണ് ഒരുക്കിയിരിക്കുന്നത്. ഓട്ടമേറ്റഡ് സംവിധാനം വഴി ചരക്കിറക്കും കയറ്റവും നിയന്ത്രിക്കാൻ കഴിയും.



വിഴിഞ്ഞം തുറമുഖത്തെത്തിയ ആദ്യ മദർഷിപ്പിനെ സ്വീകരിക്കുന്ന മന്ത്രിമാരായ വി എൻ വാസവൻ, ജി ആർ അനിൽ, എം വിൻസന്റ് എം എൽ എ എന്നിവർ

# മലയാളികൾക്ക് അഭിമാനം: മന്ത്രി വി എൻ വാസവൻ

ലോകമെമ്പാടുമുള്ള മലയാളികളെ സംബന്ധിച്ചിടത്തോളം വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ട പൂർത്തീകരണം ചരിത്ര നിമിഷവും അഭിമാനകരവുമാണെന്ന് തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു.

വലിയ പുരോഗതി ഉറപ്പാക്കാൻ സഹായിക്കുന്ന പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് സംസ്ഥാന സർക്കാർ ആത്മാർത്ഥമായി പരിശ്രമിച്ചതിന്റെ ഫലം കൂടിയാണിത്. പ്രകൃതിദത്തമായ അനുകൂല ഘടകങ്ങളുള്ള തുറമുഖമാണ് വിഴിഞ്ഞം. ഇന്ന് രണ്ടായിരത്തോളം കണ്ടെയ്നറുകളുമായി സാൻഫെർണാണ്ടോ എന്ന കപ്പൽ തുറമുഖത്തെത്തി. ഒരു ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമെന്ന രീതിയിലുള്ള വിഴിഞ്ഞത്തിന്റെ വളർച്ചയിലൂടെ ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്കും ചരക്കുഗതാഗതം ഇവിടെ നിന്നാരംഭിക്കാൻ കഴിയും. ചരിത്രമുഹൂർത്തത്തിന് സാക്ഷിയാവാൻ കഴിഞ്ഞതിൽ എല്ലാവർക്കും അഭിമാനിക്കാം.

വിഴിഞ്ഞം തുറമുഖത്തിന്റെ എല്ലാത്തരത്തിലുമുള്ള പുരോഗതി ഉറപ്പാക്കാനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുകയാണ്. പുലിമുട്ട് നിർമാണം, ക്രയിനുകൾ തുടങ്ങിയ ക്രമീകരണങ്ങൾ പൂർത്തിയായി. റയിൽ, ദേശീയ പാത കണക്ടിവിറ്റിക്കായുള്ള പ്രവർത്തനങ്ങൾ യുദ്ധകാലടിസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ഒന്നും രണ്ടും പിണറായി സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെയും ലക്ഷ്യബോധത്തിന്റെയും കൂടി ഫലമാണിതെന്നും മന്ത്രി പറഞ്ഞു.

# ജസ്റ്റിസ് നിതിൻ ജാംദാർ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസാകും, സുപ്രീം കോടതിയിലേക്ക് 2 പുതിയ ജഡ്ജിമാർ

ന്യൂഡൽഹി: ബോംബെ ഹൈക്കോടതിയിലെ സീനിയർ ജഡ്ജി നിതിൻ മധുകർ ജാംദാർ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആകും. ജമ്മു കശ്മീർ ഹൈക്കോടതി ചീഫ് ജസ്റ്റിസ് എൻ.കെ. സിങിനേയും മദ്രാസ് ഹൈക്കോടതി ആക്ടിങ് ചീഫ് ജസ്റ്റിസ് ആർ.മഹാദേവനെയും സുപ്രീം കോടതി ജഡ്ജിമാരായി ഉയർത്താനും കൊളീജിയം ശുപാർശ ചെയ്തു. മണിപ്പൂർ സ്വദേശിയാണ് ജസ്റ്റിസ് എൻ.കെ. സിങ്

ബോംബെ ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസ് കഴിഞ്ഞാൽ ഏറ്റവും സീനിയർ ജഡ്ജിയാണ് ജസ്റ്റിസ് നിതിൻ ജാംദാർ. 2012 ജനുവരി 23ന് ആണ് ബോംബെ ഹൈക്കോടതി ജഡ്ജി ആയി നിയമിതനായത്. അതിന് മുമ്പ് കേന്ദ്ര സർക്കാരിന്റെ സീനിയർ സ്റ്റാന്റിങ് കോൺസൽ ആയിരുന്നു.

ഷോലപൂർ സ്വദേശിയായ ജസ്റ്റിസ് നിതിൻ ജാംദാർ ബോംബെ ഹൈക്കോടതിയുടെ ആക്ടിങ് ചീഫ് ജസ്റ്റിസ് ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സുപ്രീം കോടതി ജഡ്ജിയായി ഉയർത്തപ്പെട്ടില്ലായെങ്കിൽ 2026 ജനുവരി ഒമ്പതിന് വിരമിക്കും.

കൊളീജിയം ശുപാർശ അംഗീകരിച്ചാൽ മണിപ്പൂരിൽ നിന്നുള്ള ആദ്യ സുപ്രീംകോടതി ജഡ്ജി എൻ.കെ. സിങ് ആകും.

# കീം പരീക്ഷാഫലം പുറത്ത്; എൻജിനിയറിംഗിൽ ആദ്യ മൂന്നു റാങ്കും ആൺകുട്ടികൾക്ക്

തിരുവനന്തപുരം: 'കീം' എൻജിനിയറിംഗ് പ്രവേശന പരീക്ഷയുടെ റാങ്ക് പട്ടിക പ്രഖ്യാപിച്ചു. 'കീം' ആദ്യ ഓൺലൈൻ പരീക്ഷയുടെ ഫലം ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി മന്ത്രി ആർ. ബിന്ദു വാർത്താസമ്മേളനത്തിലാണ് പ്രഖ്യാപിച്ചത്.

എൻജിനിയറിംഗിൽ ആലപ്പുഴ ജില്ലയിലെ പി. ദേവാനന്ദിനാണ് ഒന്നാം റാങ്ക്. ഹഫീസ് റഹ്മാൻ (മലപ്പുറം), അലൻ ജോണി അനിൽ (പാലാ) എന്നിവരാണ് തൊട്ടുപിന്നിൽ. എൻജിനിയറിംഗിൽ ആദ്യം മൂന്നും ആൺകുട്ടികൾ സ്വന്തമാക്കി.

ആദ്യ 100 റാങ്കിൽ 13 പെൺകുട്ടികളും 87 ആൺകുട്ടികളും ഉൾപ്പെട്ടു. കേരള സിലബസിൽ നിന്ന് 2,034 പേരും സിബിഎസ്ഇയിൽ നിന്ന് 2,785 പേരുമാണ് റാങ്ക് പട്ടികയിൽ ഇടംനേടിയത്. ഉദ്യോഗാർഥികൾക്ക് ഔദ്യോഗിക വെബ്സൈറ്റായ രലല. സലൃമഹമ. ഴീ. ശിൽ ഫലം പരിശോധിക്കാൻ കഴിയും.

79,044 വിദ്യാർഥികളാണ് ജൂൺ അഞ്ച് മുതൽ പത്തു വരെ ആറു ദിവസങ്ങളിലായി നടന്ന ആദ്യ 'കീം' ഓൺലൈൻ പ്രവേശന പരീക്ഷയെഴുതിയത്. ഇവരിൽ 38,853 പെൺകുട്ടികളും 40, 190 ആൺകുട്ടികളും ഉൾപ്പെടുന്നു. ഇതിൽ 58,340 പേർ (27,524 പെൺകുട്ടികളും 30, 815 ആൺകുട്ടികളും) യോഗ്യത നേടി. അതിൽ 52,500 പേരാണ് (24,646 പെൺകുട്ടികളും 27,854 ആൺകുട്ടികളും) റാങ്ക് പട്ടികയിൽ ഇടംപിടിച്ചത്. കഴിഞ്ഞ വർഷത്തെക്കാൾ 4,261 പേർ കൂടുതലായി യോഗ്യത നേടി. പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണത്തിലും 2,829 പേരുടെ വർധനയുണ്ടായി.

ആദ്യ നൂറു റാങ്കിൽ കൂടുതൽ പേർ ഉൾപ്പെട്ടത് എറണാകുളം (24) ജില്ലയിൽ നിന്നാണ്. തിരുവനന്തപുരവും (15) കോട്ടയവുമാണ് (11) തൊട്ടുപിന്നിൽ. എറണാകുളം ജില്ലയിൽ നിന്നാണ് ഏറ്റവുമധികം പേർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടത് 6,568 പേർ.


കീം 2024 എൻജിനിയറിംഗ് പരീക്ഷ ജൂൺ അഞ്ചു മുതൽ ഒമ്പതു വരെയും, ഫാർമസി പരീക്ഷ ജൂൺ ഒമ്പതു മുതൽ 10 വരെയുമാണ് നടന്നത്. വിവിധ ജില്ലകളിലായി 198 പരീക്ഷാ കേന്ദ്രത്തിലും ഡൽഹിയിൽ രണ്ട് പരീക്ഷാ കേന്ദ്രത്തിലും മുംബൈ, ദുബായി എന്നിവിടങ്ങളിൽ ഓരോ കേന്ദ്രത്തിലുമായാണ് പരീക്ഷ നടത്തിയത്.

## പദ്ധതികൾക്ക് ഗതിവേഗം പകരാൻ കെഎസ്ഇബി പ്രോജക്റ്റ്സ് വിഭാഗത്തിൽ പുന:സംഘടന

കെ എസ് ഇ ബി ലിമിറ്റഡിലെ പ്രോജക്റ്റ്സ് വിഭാഗം പുന:സംഘടിപ്പിച്ചു. ചീഫ് എൻജിനീയർ (റീസ്) എന്ന പദവിയുടെ പേര് മാറ്റി ചീഫ് എൻജിനീയർ (പ്രോജക്ട്സ്) എന്നാക്കാനും ഈ ഉദ്യോഗസ്ഥന്റെ കീഴിൽ ഹൈഡൽ, വിൻഡ്, പമ്പ്ഡ് സ്റ്റോറേജ്, സോളാർ എന്നിങ്ങനെ നാല് വിഭാഗങ്ങളിലായി പ്രോജക്ട് നടത്തിപ്പിനും അതുപോലെ ഫീൽഡിലുള്ള പ്രോജക്ട് എക്സിക്യൂഷനുമായി രണ്ട് ഉപവിഭാഗങ്ങൾ ആരംഭിക്കാനും തീരുമാനിച്ചു. ഈ ഉപവിഭാഗങ്ങളിൽ സിവിൽ, ഇലക്ട്രിക്കൽ ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർ, ചീഫ് എൻജിനീയറുടെ കീഴിൽ പ്രവർത്തിക്കും. ഡെപ്യൂട്ടി ചീഫ് എൻജിനീയർക്ക് കീഴിലുള്ള എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എൻജിനീയർ വിഭാഗങ്ങളിൽ പ്രോജക്ട് രംഗത്ത് ഫീൽഡിൽ പോയി ജോലി ചെയ്യാൻ താല്പര്യം ഉള്ള എൻജിനീയർമാർക്ക് ഓപ്ഷൻ നൽകും.



# ക്ഷയരോഗം ഇപ്പോഴും മാനവരാശിക്ക് കനത്ത ഭീഷണിയായി തുടരുന്നുവെന്ന് വിദഗ്ധൻ




തിരുവനന്തപുരം: നൂറ്റാണ്ടുകൾ പഴക്കമുള്ള ബിസിജി വാക്സിനും 20 തിൽ കൂടുതൽ ആൻറിബയോട്ടിക്കുകളും ഉണ്ടായിരുന്നിട്ടും എല്ലാ സാംക്രമിക രോഗങ്ങളുടെയും മുകളിലായി ക്ഷയം തുടരുകയാണെന്നും പ്രതിവർഷം ലോകത്തിൽ 1.5 ദശലക്ഷം മരണങ്ങൾക്ക് ഇത് കാരണമാകുന്നെന്നും പ്രമുഖ മൈക്രോബയോളജിസ്റ്റും ഹൈദരാബാദിലെ സിഎസ്ഐആർസിസിഎംബി ഡയറക്ടറുമായ ഡോ. വിനയ് നന്ദിക്കൂരി. അതേസമയം മൈക്കോബാക്റ്റീരിയൽ സെൽ ഡിവിഷൻ ലാബുകളിലെ പുതിയ ഗവേഷണങ്ങളും പഠനങ്ങളും ഈ മാരകരോഗത്തെ ഫലപ്രദമായി നേരിടാൻ തക്കവിധത്തിലുള്ള പ്രതീക്ഷ നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

'ഡിലിനിയേറ്റിംഗ് സോളിക്യുലാർ മെക്കാനിസംസ് ദാറ്റ് ഡ്രൈവ് ദ സർവൈവൽ ഓഫ് മൈക്കോബാക്ടീരിയം ട്യൂബർക്യുലോസിസ്' എന്ന വിഷയത്തിൽ രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയിൽ (ആർജിസിബി) സംഘടിപ്പിച്ച പ്രഭാഷണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആർജിസിബി ഡയറക്ടർ പ്രൊഫ. ചന്ദ്രഭാസ് നാരായണ ചടങ്ങിൽ സ്വാഗതം പറഞ്ഞു.

ലോകത്തിലെ ഏറ്റവും പഴക്കമുള്ള രോഗങ്ങളിലൊന്നാണ് ക്ഷയം അഥവാ ടിബി. ഈജിപ്തിലെ മമ്മികളിൽ പോലും അതിനുള്ള തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. എച്ച്ഐവിയും ക്ഷയവും കലർന്നുള്ള രോഗാവസ്ഥയിൽ ക്രമാനുഗതമായ വർദ്ധനവ് സംഭവിച്ചിട്ടുണ്ട്. കൂടുതൽ ഫലപ്രദമായ മരുന്നുകൾ വികസിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ഡോ. വിനയ് നന്ദിക്കൂരി പറഞ്ഞു.ലോകത്ത് ഏറ്റവുമധികം ടിബി രോഗികളുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഇത് ശ്വാസകോശത്തെ മാത്രം ബാധിക്കുന്ന അസുഖം എന്നാണ് പൊതുവിലുള്ള ധാരണ. എന്നാൽ പ്രത്യുത്പാദന അവയവങ്ങളെയും കരൾ, കണ്ണ്, അസ്ഥി എന്നിവയെയും ടിബി ബാധിക്കുന്നു. ശരിയായ രോഗനിർണയം നടത്തുക എന്നത് വളരെ പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു.ഈ രോഗത്തെ നേരിടുക എന്നത് വളരെ വിഷമകരമാണ്. ക്ഷയം സ്ഥിരീകരിച്ചിട്ടുള്ളവർക്ക് രോഗത്തിൻറെ തോത് അനുസരിച്ച് നാല് മുതൽ ആറ് മാസം വരെയോ, ഒമ്പത് മാസം മുതൽ ഒരു വർഷം വരെയോ കൃത്യമായ ചികിത്സ വേണ്ടിവരുമെന്നും അദ്ദേഹം പറഞ്ഞു.

സാർസ്, കോവിഡ് എന്നിവയുടെ കാര്യത്തിലെന്ന പോലെ ടിബി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഫലപ്രദമായ മരുന്നുകൾ കണ്ടെത്തുന്നതിനുള്ള ഗവേഷണം തുടരേണ്ടത് വളരെ പ്രധാനമാണ്. കോവിഡ് മാത്രം 10 ദശലക്ഷം ആളുകളുടെ മരണത്തിന് ഇടയാക്കിയിട്ടുണ്ട്, എന്നാൽ ടിബി പ്രതിവർഷം 1.5 ദശലക്ഷം ആളുകളെ മരണത്തിലേയ്ക്ക് നയിക്കുന്നു. പ്രതിരോധ മരുന്ന് വികസിപ്പിച്ചെടുക്കുക എന്നത് ഇപ്പോഴും അത്ര എളുപ്പമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# എട്ടുവയസുകാരിയെ പീഡിപ്പിക്കാൻ ശ്രമിച്ച രണ്ടാനച്ഛൻ പിടിയിൽ

അഞ്ചൽ : എട്ടുവയസുകാരിയോട് ലൈംഗികാതിക്രമം കാണിച്ച രണ്ടാനച്ഛൻ അറസ്റ്റിൽ. ചിതറയിലാണ് സംഭവം. ഏതാനും മാസങ്ങളായി മാതാവിനൊപ്പം താമസിച്ചുവരുന്ന യുവാവ് വീട്ടിൽ ആരുമില്ലാതിരുന്ന സമയത്ത് കുട്ടിയെ ഇയാളുടെ വീട്ടിൽ എത്തിച്ചാണ് അതിക്രമം കാട്ടിയത്.

പുറത്തുപറയരുതെന്നു ഇയാൾ കുട്ടിയെ ഭീഷണിപ്പെടുത്തിയിരുന്നു. ഇതിനാൽ കുട്ടി വിവരം ആരോടും പറഞ്ഞിരുന്നില്ല. അടുത്തിടെയായി കുട്ടി ചില ശാരീരിക അസ്വസ്ഥത പ്രകടിപ്പിച്ചിരുന്നു. യുവാവിൻറെ വീട്ടിലേക്ക് പോകാൻ വിളിച്ചാൽ പോകാൻ കൂട്ടാക്കാത്ത എട്ടുവയസുകാരി പേടിച്ചു കരയുകയും ചെയ്തു.

ഇതേതുടർന്ന് കുട്ടിയുടെ സഹോദരി കുട്ടിയോട് വിവരം അന്വേഷിച്ചതോടെ കാര്യങ്ങൾ തുറന്നുപറയുകയായിരുന്നു. ഇതോടെ കുട്ടിയുമായി ചിതറ പോലീസ് സ്റ്റേഷനിൽ എത്തിയ സഹോദരി പരാതി നൽകുകയായിരുന്നു.

പോലീസ് കുട്ടിയെ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കി. പിന്നീട് വിശദമായ മൊഴി രേഖപ്പെടുത്തിയശേഷം പോക്സോ ഉൾപ്പടെ വിവിധ വകുപ്പുകൾ ചുമത്തി യുവാവിനെ അറസ്റ്റ് ചെയ്തു. തെളിവെടുപ്പുകൾക്കും വൈദ്യപരിശോധനക്കുംശേഷം പ്രതിയെ കടയ്ക്കൽ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

ചിതറ സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിലാണ് കേസ് അന്വേഷിച്ചത്. വേറെ ഭാര്യയും കുട്ടികളുമുള്ളയളാണ് പിടിയിലായ യുവാവ്.

# പെരിയാറിലേക്ക് മാലിന്യം: എടയാറിലെ രണ്ട് കമ്പനികൾ പൂട്ടാൻ ഉത്തരവ്

ഏലൂർ: പെരിയാറിൽ വർധിച്ചുവരുന്ന മാലിന്യ നിക്ഷേപം കണ്ടെത്താൻ ഉന്നത ഉദ്യോഗസ്ഥരുടെ സംഘം ഇന്നലെ എടയാർ മേഖലയിലെ വിവിധ കമ്പനികളിൽ പരിശോധന നടത്തി. കഴിഞ്ഞ ദിവസങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡ് (പിസിബി) നോട്ടീസ് നൽകിയിട്ടും പെരിയാറിലേക്ക് വീണ്ടും മാലിന്യം ഒഴുക്കിയ രണ്ടു കമ്പനികൾക്ക് അടച്ചുപൂട്ടൽ ഉത്തരവും നൽകി.

ഇവ കൂടാതെ സിഎംആർഎൽ, ടിഎംഎസ്, സൺറൈസ്, ഓർഗാനോ, മലയ റബർ, ആൽഫ തുടങ്ങിയ കമ്പനികളിൽനിന്നും പെരിയാറിലേക്ക് നേരിട്ട് മാലിന്യം ഒഴുകുന്നതായി പരിശോധനയിൽ കണ്ടെത്തി. സിഎംആർഎൽ അണ്ടർ ഗ്രൗണ്ട് വഴിയാണ് പൈപ്പിലൂടെ മാലിന്യം പുഴയിലേക്ക് കടത്തിവിടുന്നത്. പൈപ്പുകൾ മുകളിലാക്കാൻ ഉദ്യോഗസ്ഥർ നിർദേശം നൽകി.

ടിഎംഎസ് കമ്പനിയിലും മാലിന്യം കുഴൽവഴി പെരിയാറിലേക്ക് ഒഴുക്കുന്നുണ്ട്. സൺറൈസ് പൊതു തോടിലൂടെയാണ് മാലിന്യം ഒഴുകുന്നത്. ശുദ്ധീകരണ ടാങ്കിൻറെ പണി നടക്കുന്നുണ്ടെങ്കിലും പുഴയുടെ പ്രദേശത്ത് മാലിന്യക്കൂമ്പാരമാണുള്ളത്. മലയ റബർ പൊതുതോട് വഴി മാലിന്യം ഒഴുക്കുമ്പോൾ അൽഫ കമ്പനി ഡിസ്ചാർജ് പൈപ്പുകൾ പുഴയിലേക്കിട്ടാണ് മാലിന്യം ഒഴുക്കുന്നത്.

ശുദ്ധമായ വെള്ളത്തിൻറെ പിഎച്ച് 7.4 ആണ്. എന്നാൽ ഇത് 7ൽ താഴ്ന്നാൽ ആസിഡിൻറെ അളവ് കൂടുതലായും, ആൽക്കലിയായാൽ വെള്ളത്തിൻറെ പിഎച്ച് 9 ആയുമാണ് രേഖപ്പെടുത്തുന്നത്. കഴിഞ്ഞ ദിവസം പരിശോധന നടത്തിയ കമ്പനികളിൽ നിന്നും ഒഴുക്കുന്ന വെള്ളത്തിന് പിഎച്ച് 9 ആണെന്നുള്ള ക്ലിനിക്കൽ റിപ്പോർട്ട് വിദഗ്ധ സംഘത്തിന് ലഭിച്ചിട്ടുണ്ട്.

ബംഗളൂരുവിലെ സെൻട്രൽ മലിനീകരണ നിയന്ത്രണ ബോർഡ് റീജണൽ ഡയറക്ടർ ജെ. ചന്ദ്രബാബു, സംസ്ഥാന സർക്കാരിൻറെ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് സെക്രട്ടറി രത്തൻ യു.ഖേൽക്കർ,സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ എസ്. ശ്രീകല, കാലാവസ്ഥാ വ്യതിയാന ഡയറക്ടർ സുനിൽ പാമിടി, ഗ്രീൻ ആക്ഷൻഫോഴ്സ് സെക്രട്ടറി ഷിബു മാനുവൽ,പരിസ്ഥിതി പ്രവർത്തകൻ ഒ.വി. ഷബീർ തുടങ്ങിയവരാണ് പരിശോധക സംഘത്തിൽ ഉണ്ടായിരുന്നത്.

# പരസ്യ വീഡിയോ പ്രകാശനം ചെയ്തു

'കേരള സീഫുഡ് കഫേ' യുടെ പ്രചാരണത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള പരസ്യ വീഡിയോയുടെ പ്രകാശനം ഫിഷറീസ്, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ കേരള നിയമസഭയിലെ മന്ത്രിയുടെ ചേംബറിൽ പ്രകാശനം ചെയ്തു. മത്സ്യഫെഡ് ചെയർമാൻ റ്റി. മനോഹരൻ, മാനേജിംഗ് ഡയറക്ടർ ഡോ. പി സഹദേവൻ, ഭരണസമിതി അംഗം ആർ ജെറാൾഡ്, മറ്റു മത്സ്യഫെഡ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതരായി.

ഫഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന ഓഖി പുനരധിവാസ പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞം ആഴാകുളത്ത് സ്ഥാപിച്ചിട്ടുള്ള സീഫുഡ് റെസ്റ്റോറന്റ് മത്സ്യഫെഡിന്റെ ചുമതലയിൽ കഴിഞ്ഞ ജനുവരി 10 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മത്സ്യഫെഡ് 'കേരള സീഫുഡ് കഫേ' എന്ന പേരിൽ മത്സ്യ വിഭവങ്ങൾക്ക് പ്രാധാന്യം നൽകി തുടങ്ങിയ സ്ഥാപനത്തിൽ ഓഖി ദുരന്തത്തിൽ മരണപ്പെട്ട / കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ 11 പേർ ജോലി ചെയ്യുന്നു.

മത്സ്യഫെഡിന്റെ നേതൃത്വത്തിൽ കോട്ടയം ജില്ലയിൽ നാഗമ്പടത്തും 'കേരള സീഫുഡ് കഫേ' യുടെ പ്രവർത്തനം ഉടൻ ആരംഭിക്കും.

# ഒൻപതുകാരിയെ മാനഭംഗപ്പെടുത്തി കനാലിൽ തള്ളി; പ്രായപൂർത്തിയാകാത്ത മൂന്ന് പേർ പിടിയിൽ

നന്ദ്യാല: ആന്ധ്രാപ്രദേശിലെ നന്ദ്യാലയിൽ പാർക്കിൽ കളിച്ചുകൊണ്ടിരുന്ന ഒൻപതുവയസുകാരിയെ മാനഭംഗപ്പെടുത്തി കനാലിൽ തള്ളിയ സംഭവത്തിൽ മൂന്ന് പേർ പിടിയിൽ. അതേസമയം പെൺകുട്ടിയെ ഇതുവരെ കണ്ടെത്താനായിട്ടില്ലെന്നും കസ്റ്റഡിയിലുള്ള ആൺകുട്ടികളെ ചോദ്യം ചെയ്തുവരികയാണെന്നും പോലീസ് അറിയിച്ചു.

ഞായറാഴ്ച വൈകുന്നേരം അഞ്ചോടെയാണ് സംഭവം. പാർക്കിൽ കളിക്കുകയായിരുന്ന പെൺകുട്ടിയെ പ്രായപൂർത്തിയാകാത്ത ആൺകുട്ടികൾ ചേർന്ന് മാനഭംഗപ്പെടുത്തുകയായിരുന്നു. തുടർന്ന് ഇവർ പെൺകുട്ടിയെ മുച്ചുമാരി ഇറിഗേഷൻ കനാലിലേക്ക് തള്ളിയിട്ടു.

പിടിയിലായ പ്രതികളെല്ലാം മുച്ചുമാരി ഗ്രാമത്തിൽ നിന്നുള്ളവരാണെന്ന് നന്ദ്യാല എസ്പി പറഞ്ഞു. ഇതിൽ രണ്ടു പേർക്ക് 15 വയസും മറ്റേയാൾക്ക് 12 വയസുമുണ്ട്. പെൺകുട്ടിയെ കാണാതായെന്ന് കാണിച്ച് മാതാപിതാക്കൾ നൽകിയ പരാതിയിലാണ് പോലീസ് ആദ്യം കേസ് അന്വേഷിച്ചത്.

പോലീസ് നായ മണം പിടിച്ച് ആൺകുട്ടികളുടെ വീട്ടിലേക്ക് എത്തിയതോടെയാണ് കേസിൽ നിർണായകമായ വഴിത്തിരിവുണ്ടായത്.

ദേശീയ ദുരന്ത നിവാരണ സേനയും തെരച്ചിലിനായി നന്ദ്യാലയിൽ എത്തിയിട്ടുണ്ട്. മൃതദേഹം കണ്ടെത്തുന്നത് വരെ പെൺകുട്ടി മാനഭംഗത്തിന് ഇരയായോ എന്ന് ഉറപ്പിക്കാൻ കഴിയില്ലെന്നും പോലീസ് പറഞ്ഞു.

# ഒരു സർക്കാർ ആശുപത്രിയ്ക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

## വയനാട് മെഡിക്കൽ കോളേജിന് ദേശീയ മുസ്കാൻ സർട്ടിഫിക്കേഷൻ

സംസ്ഥാനത്തെ ഒരു സർക്കാർ ആശുപത്രിയ്ക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. വയനാട് മെഡിക്കൽ കോളേജ് (മാനന്തവാടി ജില്ലാ ആശുപത്രി) 95 ശതമാനം സ്കോറോടെ മുസ്കാൻ സർട്ടിഫിക്കേഷൻ നേടി. നേരത്തെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിന് 96 ശതമാനം സ്കോറോടെ മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചിരുന്നു. ഇതോടെ സംസ്ഥാനത്തെ 2 ആശുപത്രികൾക്കാണ് മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചത്. കൂടുതൽ ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിനും ജനനം മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുന്നതിനുമാണ് മുസ്കാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികാസം ഉൾപ്പെടെ വളർച്ചയുടെയും വികാസത്തിന്റെയും എല്ലാ സുപ്രധാന വശങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു. എസ്.എൻ.സി.യു., എൻ.ബി.എസ്.യു., പ്രസവാനന്തര വാർഡ്, പീഡിയാട്രിക് ഒപിഡി, എന്നീ വിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയാണ് മുസ്കാൻ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേഴ്സിൽ (എൻക്യുഎഎസ്) ഏറ്റവും ഉയർന്ന സ്കോർ നേടിയ (99) മലപ്പുറം കോട്ടയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രത്തെ അടുത്തിടെ രാജ്യത്തെ മികച്ച പ്രാഥമികാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്തിരുന്നു. സംസ്ഥാനത്ത് ഇതുവരെ ആകെ 175 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരവും 76 ആശുപത്രികൾക്ക് പുന:അംഗീകാരവും ലഭിച്ചിട്ടുണ്ട്. ജനപ്രതിനിധികളുടെയും തദ്ദേശ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ താലൂക്ക്, ജില്ലാ ആശുപത്രികളിൽ കൂടി ഗുണനിലവാരം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

# ഫോർട്ട് താലൂക്ക് ആശുപത്രിയിൽ നിയമനം

ഫോർട്ട് താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തസ്തികകളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി) മുഖേന താത്കാലികമായി നിയമിക്കുന്നതിന് അഭിമുഖം നടത്തും.

സ്റ്റാഫ് നഴ്സ് തസ്തികയ്ക്ക് കേരള നഴ്സിങ് കൗൺസിൽ രജിസ്ട്രേഷനോട് കൂടിയ ജനറൽ അല്ലെങ്കിൽ ബി.എസ്സി നഴ്സിങ് ബിരുദമാണ് യോഗ്യത. പ്രതിദിന വേതനം 700 രൂപ. പ്രായപരിധി 40 വയസ്. ഇന്റർവ്യൂ ജൂലൈ 17ന് രാവിലെ 11 മണിക്ക്.

ഫാർമസിസ്റ്റ് തസ്തികയ്ക്ക് ഫാർമസി കൗൺസിൽ രജിസ്ട്രേഷനോട് കൂടിയ ഡി.ഫാം ആണ് യോഗ്യത. പ്രതിദിന വേതനം 600 രൂപയാണ്. പ്രായപരിധി 40 വയസ്. ഇന്റർവ്യു 19ന് രാവിലെ 11ന്. ലാബ് ടെക്നീഷ്യൻ തസ്തികയ്ക്ക് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനോടുകൂടിയ ഡി.എ.എൽ.ടിയാണ് യോഗ്യത. പ്രതിദിന വേതനം 650 രൂപ. പ്രായപരിധി 40 വയസ്. ഇന്റർവ്യു 20ന് രാവിലെ 11ന്.

# വനസംരക്ഷണസമിതി പൊതുയോഗവും തെരഞ്ഞെടുപ്പും മാറ്റിവച്ചു

കുളത്തൂപ്പുഴ: കുളത്തപ്പുഴ വന മ്യൂസിയത്തിൻറെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് വന സംരക്ഷണസമിതി (വിഎസ്എസ് ) കഴിഞ്ഞദിവസം നടത്താനിരുന്ന പൊതുയോഗവും ഭാരവാഹി തെരഞ്ഞെടുപ്പും വിവിധ രാഷ്ട്രീയ കക്ഷികളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് മാറ്റിവെച്ചു.

2019 ൽ താൽക്കാലികമായി രൂപീകരിച്ച വിഎസ്എസ് നേതൃത്വത്തിലാണ് നിലവിൽ കുളത്തൂപ്പുഴ വനം മ്യൂസിയത്തിൻറെ ദൈനംദിന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. വനസംരക്ഷണ നിയമപ്രകാരം കഴിഞ്ഞ നാലര വർഷമായി പൊതുയോഗവും തെരഞ്ഞെടുപ്പും നടത്താതെയാണ് വിഎസ്എസ് അധികാരത്തിൽ തുടരുന്നത്.

പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കാൻ കൂടിയ പൊതുയോഗം നിയമലംഘനമാണെന്ന് ആരോപിച്ച് കുളത്തൂപ്പുഴയിലെ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളും പ്രവർത്തകരും പ്രതിഷേധവുമായിഎത്തിയതോടെയാണ് തെരഞ്ഞെടുപ്പ് മാറ്റിവെച്ചത്.

വനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജനങ്ങളാണ് സംരക്ഷണ സമിതിയിൽ അംഗങ്ങൾ ആകേണ്ടതെന്ന നിയമം മറികടന്നാണ് രാഷ്ട്രീയ ലക്ഷ്യം മുൻനിർത്തി ബന്ധു ജനങ്ങളെ നിയമിക്കാൻ നോക്കുന്നതെന്ന് ആരോപണമുണ്ട്. വിഎസ്എസ് പരിധിയിലുള്ള ടൗൺ വാർഡ് മെമ്പറും പഞ്ചായത്ത് പ്രസിഡൻറുമായ പി. ലൈല ബീവിയെ സമിതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിൽ പ്രതിഷേധിച്ച് യോഗത്തിൽ നിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു.

2019 ൽ തെരഞ്ഞെടുത്ത വിഎസ്എസ് കമ്മറ്റി രണ്ടു വർഷം കഴിയുമ്പോൾ തെരഞ്ഞെടുപ്പ് നടത്തണമെന്നാണ് വ്യവസ്ഥ. ഇത് പാലിക്കാത്തതിലും സമിതിയുടെ പരിധി നിർണയത്തിലെ അശാസ്ത്രീയവും 200 പരം കുടുംബങ്ങളിലെ 62 കുടുംബങ്ങളെ മാത്രം ഉൾപ്പെടുത്തിയും സമിതി രൂപീകരിച്ചതും ചോദ്യം ചെയ്താണ് സംയുക്ത സമരസമിതി തെരഞ്ഞെടുപ്പിനെതിരേ എത്തിയത്. സമര സമിതി ഉയർത്തിയ ആവശ്യങ്ങൾകൂടി പരിഗണിച്ച ശേഷം തെരഞ്ഞെടുപ്പ് നടത്താനാണ് വനംവകുപ്പിൻറെ ശ്രമം.

തെരഞ്ഞെടുപ്പ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് യുഡിഎഫ് കൺവീനർ റോയ് ഉമ്മൻ ഹൈക്കോടിയെ സമീപിച്ചെങ്കിലും ഹർജി പരിഗണിക്കുന്നത് മാറ്റിവച്ചു.

# സുരേന്ദ്രൻ നായർ മാനവിക പക്ഷത്ത് ഉറച്ചു നിന്ന കലാകാരൻ: മന്ത്രി സജി ചെറിയാൻ

മാനവിക പക്ഷത്ത് ഉറച്ചു നിന്ന് രാഷ്ട്രീയം പറയാൻ കലയെ ഉപയോഗപ്പെടുത്തിയ കലാകാരനാണ് സുരേന്ദ്രൻ നായരെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ദൃശ്യകലാരംഗത്ത് സംസ്ഥാന സർക്കാർ നൽകുന്ന പരമോന്നത ബഹുമതിയായ രാജാരവിവർമ്മ പുരസ്കാരം തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന ചടങ്ങിൽ പ്രശസ്ത ചിത്രകാരൻ സുരേന്ദ്രൻ നായർക്ക് സമ്മാനിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

നൂറ്റാണ്ടുകൾ പഴക്കമുള്ള നമ്മുടെ സാംസ്കാരിക ജീവിതത്തിന്റെ മാറ്റത്തിലും വളർച്ചയിലും കലാകാരന്മാർ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. സമൂഹവുമായും മനുഷ്യനുമായും സംവദിക്കുന്ന സർഗാത്മകമായ ആവിഷ്കാരമാണ് കല. കലാകാരന് അരാഷ്ട്രീയമായി നിലകൊള്ളാനാവില്ല. മനുഷ്യപക്ഷ രാഷ്ട്രീയം കലയിലൂടെ രൂപപ്പെടുത്താൻ കലാകാരന്മാർ ശ്രമിക്കണം. പക്ഷേ ഇന്ന് പല കലാകാരന്മാരും ഇമേജിനും സമ്പത്തിനുമാണ് സാമൂഹിക പ്രശ്നങ്ങളേക്കാൾ പ്രാധാന്യം നൽകുന്നതെന്ന് മന്ത്രി പറഞ്ഞു.

പരിവർത്തനശക്തിയുള്ളതാണ് സുരേന്ദ്രൻനായരുടെ ചിത്രകലയെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. പാരമ്പര്യത്തിന്റെയും ആധുനികതയുടെയും ഇഴകൾ ചേർത്ത് വെച്ച് ചരിത്രബോധവും സമകാലിക പ്രസക്തിയും ഒരുപോലെ പ്രദർശിപ്പിക്കുന്ന സൃഷ്ടികൾ ഒരുക്കാൻ അദ്ദേഹത്തിനുള്ള കഴിവ് കലാകാരന്മാർക്കും കലാപ്രേമികൾക്കും ഭാവിതലമുറക്കും പ്രചോദനമേകുന്നതാണെന്നും മന്ത്രി പറഞ്ഞു. രാജാരവിവർമ്മ പുരസ്കാര സമർപ്പണ പരിപാടി വിപുലമായ ജനകീയ പരിപാടിയാക്കി മാറ്റാൻ ലളിതകലാ അക്കാദമി ശ്രമിക്കണമെന്നും മന്ത്രി പറഞ്ഞു.

മൂന്നുലക്ഷം രൂപയും കീർത്തിപത്രവും കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവുമടങ്ങിയതാണ് രാജാരവിവർമ്മ പുരസ്കാരം.

ചടങ്ങിൽ വി.കെ. പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിച്ചു. കേരള ലളിതകലാഅക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത് പ്രശസ്തിപത്രം വായിച്ചു. കലാചരിത്രകാരനും സാംസ്കാരിക വിമർശകനും ക്യൂറേറ്ററും എഴുത്തുകാരനുമായ ജോണി എം.എൽ. മുഖ്യപ്രഭാഷണം നടത്തി.

കേരള ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ചെയർമാൻ ഷാജി എൻ. കരുൺ, വൈലോപ്പിള്ളി സംസ്കൃതിഭവൻ വൈസ് ചെയർമാൻ ജി.എസ്. പ്രദീപ്, സമം പദ്ധതി ചെയർപേഴ്സൺ സുജ സൂസൻ ജോർജ്ജ് എന്നിവർ ആശംസകൾ അർപ്പിച്ചു. സുരേന്ദ്രൻ നായർ മറുപടി പ്രസംഗം നടത്തി. സാംസ്ക്കാരിക കാര്യ വകുപ്പ് ഡയറക്ടർ മായ സ്വാഗതവും അക്കാദമി സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ നന്ദിയും പറഞ്ഞു.

## പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി (വൊക്കേഷണൽ) വിഭാഗം ജൂണിൽ നടത്തിയ രണ്ടാം വർഷ സേ/ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാ ഫലം www.k-er-a-l-ar-e-su-l-ts.n-i-c.in ൽ ലഭ്യമാണ്. ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയം, സൂക്ഷ്മ പരിശോധന എന്നിവയ്ക്കുള്ള അപേക്ഷ നിശ്ചിത ഫീസൊടുക്കി വിദ്യാർഥി രജിസ്റ്റർ ചെയ്ത സ്കൂളിലെ പ്രിൻസിപ്പാളിന് ജൂലൈ 17 നകം നൽകണം.

# യുക്രെയ്ൻെറ വ്യോമപ്രതിരോധം ശക്തമാക്കും: നാറ്റോ

വാഷിംഗ്ടൺ ഡിസി: റഷ്യയുടെ മിസൈൽ ആക്രമണം നേരിടുന്ന യുക്രെയ്ൻെറ വ്യോമപ്രതിരോധം ശക്തമാക്കാൻ യു!എസിൽ ചേരുന്ന നാറ്റോ ഉച്ചകോടി തീരുമാനിച്ചു. അഞ്ചു വ്യോമപ്രതിരോധ സംവിധാനങ്ങൾ യുക്രെയ്നു നല്കുമെന്ന് ഉച്ചകോടി ഉദ്ഘാടനം ചെയ്ത യുഎസ് പ്രസിഡൻറ് ജോ ബൈഡൻ പറഞ്ഞു.

യുഎസ്, ജർമനി, ഇറ്റലി, നെതർലൻഡ്സ്, റുമേനിയ രാജ്യങ്ങൾ യുക്രെയ്ന് അത്യാധുനിക പേട്രിയറ്റ് വ്യോമപ്രതിരോധ സംവിധാനത്തിൻെറ കൂടുതൽ ബാറ്ററികൾ ലഭ്യമാക്കും. നാസാംസ്, ഹ്വാക്, ഐറിസ് ടിഎസ്എൽഎം, ഐറിസ് ടിഎസ്എൽസ് തുടങ്ങിയ വ്യോമപ്രതിരോധ സംവിധാനങ്ങളുടെ യൂണിറ്റുകളും നല്കും.

നാറ്റോ രൂപവത്കൃതമായതിൻെറ 75ാം വാർ!ഷികത്തോടനുബന്ധിച്ചുള്ള സമ്മേളനമാണു യുഎസ് തലസ്ഥാനത്തു ചേരുന്നത്. നാറ്റോ സൈനികസഖ്യം ഏറ്റവും ശക്തിമത്തായ സമയാണിതെന്നു ബൈഡൻ ചൂണ്ടിക്കാട്ടി. യുദ്ധത്തിൽ റഷ്യയല്ല യുക്രെയ്നായിരിക്കും ജയിക്കുക. യുക്രെയ്ൻ സ്വതന്ത്ര, പരമാധികാര രാജ്യമായി തുടരുന്ന സ്ഥിതിയിൽ തന്നെ യുദ്ധം അവസാനിക്കും.

ഉദ്ഘാടനപ്രസംഗത്തിൽ ഏതാണ്ട് 13 മിനിറ്റ് ബൈഡൻ സംസാരിച്ചു. വ്യക്തമായ ശബ്ദത്തിലായിരുന്നു പ്രസംഗം. ഡോണൾഡ് ട്രംപുമായുള്ള പ്രസിഡൻഷ്യൽ സംവാദത്തിൽ പതറിയ ബൈഡന് ലോകത്തിനു മുന്നിൽ താനിപ്പോഴും യോഗ്യനാണെന്നു തെളിയാക്കാനുള്ള അവസരമാണു നാറ്റോ സമ്മേളനം.

ഇതിനിടെ, ട്രംപ് നാറ്റോയ്ക്കെതിരായ വിമർശനം തുടർന്നു. അംഗങ്ങൾ സഖ്യത്തിലേക്കു കൂടുതൽ ഫണ്ട് നല്കിയില്ലെങ്കിൽ റഷ്യയിൽനിന്നു താൻ സംരക്ഷണം നല്കില്ലെന്ന് അദ്ദേഹം തെരഞ്ഞെടുപ്പു റാലിയിൽ പറഞ്ഞു.

നാറ്റോ സമ്മേളനത്തിൽ 32 അംഗരാജ്യങ്ങളും പങ്കെടുക്കുന്നുണ്ട്. യുക്രെയ്നു ബ്രിട്ടൻെറ ഉറച്ച പിന്തുണയുണ്ടെന്നു പുതിയ പ്രധാനമന്ത്രി കീയർ സ്റ്റാർമർ പറഞ്ഞു.

# ഇന്ത്യ പ്രധാന തന്ത്രപങ്കാളി: അമേരിക്ക

വാഷിംഗ്ടൺ ഡിസി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യാ സന്ദർശനം ഉത്കണ്ഠാജനകമെങ്കിലും ഇന്ത്യ പ്രധാന തന്ത്രപങ്കാളിയായി തുടരുമെന്ന് അമേരിക്ക. പെൻറഗൺ വക്താവ് മേജർ ജനറൽ പാറ്റ് റൈഡറും സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറ് വക്താവ് മാത്യു മില്ലറും വ്യത്യസ്ത പത്രസമ്മേളനങ്ങളിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

ഇന്ത്യക്കും റഷ്യക്കും ഇടയിൽ ദീർഘകാല ബന്ധമാണുള്ളതെന്നു പാറ്റ് റൈഡൻ ചൂണ്ടിക്കാട്ടി. യുഎസിൻെറ കാഴ്ചപ്പാടിൽ ഇന്ത്യ ഇപ്പോഴും തന്ത്രപരമായ പങ്കാളിയാണ്. ഇന്ത്യയുമായി ഊർജിത ചർച്ചകൾ തുടരും.

യുഎൻ നിയമങ്ങളും രാജ്യങ്ങളുടെ പരമാധികാരവും അഖണ്ഡതയും മാനിക്കേണ്ടതിൻെറ പ്രാധാന്യവും റഷ്യൻ പ്രസിഡൻറ് പുടിനു മോദി മനസിലാക്കിക്കൊടുക്കുമെന്നു കരുതുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം, റഷ്യയുമായി ഇന്ത്യക്കുള്ള ബന്ധത്തിൽ യുഎസിനു വ്യക്തമായ ആശങ്കയുണ്ടെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറ് വക്താവ് മാത്യ മില്ലർ പറഞ്ഞു. ഈ ഉത്കണ്ഠ ഇന്ത്യൻ സർക്കാരിനെ നേരിട്ട് അറിയിച്ചിട്ടുണ്ട്. യുക്രെയ്നിൽ സമാധാനം സ്ഥാപിക്കാനുള്ള ശ്രമങ്ങളെ ഇന്ത്യ പിന്തുണയ്ക്കണമെന്നും മില്ലർ ആവശ്യപ്പെട്ടു.

# ബാഗ്ദാദിയുടെ ഭാര്യക്ക് വധശിക്ഷ

ബാഗ്ദാദ്: ഇസ്‌ലാമിക് സ്റ്റേറ്റിൻെറ വധിക്കപ്പെട്ട തലവൻ അബൂബക്കർ അൽ ബാഗ്ദാദിയുടെ ഭാര്യക്ക് ഇറാക്കി കോടതി വധശിക്ഷ വിധിച്ചു. ഐഎസ് ഭീകരർ പിടികൂടിയ യസീദി വനിതയ്ക്കെതിരേ നടത്തിയ കുറ്റകൃത്യങ്ങളിൽ ഇവർക്കും പങ്കുണ്ടെന്നു കോടതി കണ്ടെത്തി.

ഇറാക്കി വൃത്തങ്ങൾ ഇവരുടെ പേര് ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ലെങ്കിലും അസ്മ മുഹമ്മദ് എന്നാണെന്നു ചില റിപ്പോർട്ടുകളിൽ പറയുന്നു. 2018ൽ തുർക്കിയിൽ അറസ്റ്റിലായ അസ്മയെ കഴിഞ്ഞവർഷം ഇറാക്കിനു കൈമാറുകയായിരുന്നു.

ഇറാക്കും സിറിയയും അടക്കമുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി 2014ൽ ഇസ്‌ലാമിക് സ്റ്റേറ്റിൻെറ ഖലീഫാ സാമ്രാജ്യം പ്രഖ്യാപിച്ച അബൂബക്കർ ബാഗ്ദാദി 2019ൽ അമേരിക്ക സിറിയയിൽ നടത്തിയ റെയ്ഡിൽ കൊല്ലപ്പെടുകയായിരുന്നു. 2014ൽ വടക്കൻ ഇറാക്കിലെ യസീദി ന്യൂനപക്ഷത്തിനു നേർക്ക് വിവരണാതീതമായ ക്രൂരതകൾ ഐഎസ് അഴിച്ചുവിട്ടിരുന്നു.

ആയിരങ്ങളെ കൊന്നൊടുക്കിയതിനു പുറമേ വനിതകളെയും പെൺകുട്ടികളെയും തട്ടിക്കൊണ്ടുപോയി മാനഭംഗത്തിനിരയാക്കുകയും അടിമകളാക്കുകയും മനുഷ്യക്കടത്തു നടത്തുകയും ചെയ്തിരുന്നു.

# മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി: 138 താത്കാലിക ബാച്ച് അനുവദിച്ചു

തിരുവനന്തപുരം: മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് ക്ഷാമത്തിന് പരിഹാരമായി താത്കാലിക ബാച്ചുകൾ സർക്കാർ അനുവദിച്ചു. മലപ്പുറത്ത് 120 ബാച്ചുകളും കാസർഗോട്ട് 18 ബാച്ചുകളുമാണ് അനുവദിച്ചത്. നിയമസഭയിൽ ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവനയിൽ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയാണ് ഇക്കാര്യം അറിയിച്ചത്.

പൊതുവിദ്യാലയങ്ങൾക്ക് മാത്രമാണ് താത്കാലിക ബാച്ച് അനുവദിച്ചത്. പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതിന് മലപ്പുറത്ത് അധിക ബാച്ച് അനുവദിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പ് നിയോഗിച്ച രണ്ടംഗ സമിതി റിപ്പോർട്ട് സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു.

മലപ്പുറം ജില്ലയിൽ 24 സർക്കാർ സ്കൂളുകളിലായി 120 ബാച്ചുകളും കാസർഗോഡ് 18 സർക്കാർ സ്കൂളുകളിലായി 18 ബാച്ചുകളുമാണ് അനുവദിച്ചത്. മലപ്പുറത്ത് കൊമേഴ്സിന് 61 ബാച്ചുകളും ഹ്യുമാനിറ്റീസ് 59 ബാച്ചുകളും ആണ് അനുവദിക്കപ്പെട്ടത്. കാസർഗോട്ട് 13 കൊമേഴ്സ് ബാച്ചും നാല് ഹ്യുമാനിറ്റീസ് ബാച്ചും ഒരു സയൻസ് ബാച്ചുമാണ് അനുവദിച്ചത്.

സീറ്റുകൾ വർധിപ്പിച്ചതിലൂടെ മലബാർ മേഖലയിലെ പ്രവേശന പ്രതിസന്ധിക്ക് പരിഹാരമാകുമെന്ന് വിദ്യാഭ്യാസമന്ത്രി നിയമസഭയെ അറിയിച്ചു. താത്കാലിക ബാച്ചുകൾ അനുവദിച്ചതിലൂടെ 14 കോടി രൂപയുടെ അധികബാധ്യതയാണ് സർക്കാരിന് ഉണ്ടായിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.

അതേസമയം, പാലക്കാട്, കോഴിക്കോട് ജില്ലകളുടെ സീറ്റ് ക്ഷാമത്തിന് ഈ നടപടി പരിഹാരമാകില്ലെന്ന് പ്രതിപക്ഷ ഉപനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടി സഭയിൽ പറഞ്ഞു.

# എൻ.എഫ്.എസ്.എ ചുമട്ടുതൊഴിലാളികളുടെ വേതനപരിഷ്ക്കരണ നടപടി അന്തിമഘട്ടത്തിൽ

സംസ്ഥാനത്തെ എൻ.എഫ്.എസ്.എ ഗോഡൗണുകളിലും റേഷൻകടകളിലും ജോലിചെയ്യുന്ന ചുമട്ടുതൊഴിലാളികളുടെ വേതനപരിഷ്ക്കരണ നടപടി അന്തിമ ഘട്ടത്തിലേക്ക്. ഭക്ഷ്യതൊഴിൽ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിലാണ് നടപടി. പരിഷ്ക്കരിച്ച വേതന നിരക്കുകൾ ധനവകുപ്പിന്റെ അനുമതിയോടെ സർക്കാർ ഉത്തരവായി പുറത്തിറക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രിമാർ ട്രേഡ് യൂണിയൻ പ്രതിനിധികളെ അറിയിച്ചിരുന്നു. 2016ൽ കേരളത്തിൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ ഗോഡൗണുകൾ സപ്ലൈകോ ഏറ്റെടുത്തപ്പോൾ നിലവിലുണ്ടായിരുന്ന കയറ്റിറക്ക് കൂലി നിരക്കുകൾ 2019ൽ ഏകീകരിച്ചു സർക്കാർ ഉത്തരവ് നൽകി. തുടർന്ന് വരുന്ന വേതനപരിഷ്ക്കരണം സർക്കാർ തീരുമാനപ്രകാരം ആയിരിക്കുമെന്നും അന്ന് നിശ്ചയിക്കുകയുണ്ടായി. അതനുസരിച്ച് വേതനം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സർക്കാർ തലത്തിൽ നടക്കുന്നത്.



ദൃശ്യകലാരംഗത്ത് സംസ്ഥാനസർക്കാർ നൽകുന്ന പരമോന്നത ബഹുമതിയായ രാജാരവിവർമ്മ പുരസ്കാരം പ്രശസ്ത ചിത്രകാരൻ സുരേന്ദ്രൻ നായർക്ക് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതിഭവനിൽ നടന്ന ചടങ്ങിൽ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ സമ്മാനിക്കുന്നു



ലൈറ്റ്ഹൗസ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം ലൈറ്റ് ഹൗസിൽ വിനോദസഞ്ചാരമേഖലയിലെ പങ്കാളികളുമായി സംഘടിപ്പിച്ച ചർച്ചയിൽ കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത വകുപ്പ് മന്ത്രി സർബാനന്ദ സോനാവാൾ സംസാരിക്കുന്നു

# കോവളം രാജ്യത്തെ കരുത്തുറ്റ വിനോദസഞ്ചാര കേന്ദ്രം ; കേരളം ഏറ്റവും പരിഷ്കൃതരായ ജനങ്ങളുള്ള നാട് : കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ

കോവളം രാജ്യത്തെ ഏറ്റവും കരുത്തുള്ള ആഗോള വിനോദസഞ്ചാര കേന്ദ്രമാണെന്നും രാജ്യത്തെ ഏറ്റവും പരിഷ്കൃതരായ ജനങ്ങളുള്ള നാടാണ് കേരളമെന്നും കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത വകുപ്പ് മന്ത്രി സർബാനന്ദ സോനാവാൾ പറഞ്ഞു. കേന്ദ്രമന്ത്രിയുടെ സാന്നിധ്യത്തിൽ വിഴിഞ്ഞം ലൈറ്റ് ഹൗസിൽ വിനോദസഞ്ചാരമേഖലയിലെ പങ്കാളികളുമായി സംഘടിപ്പിച്ച ചർച്ചയിൽ സംസാരിക്കുകയായിരുന്നു.

ദൈവത്തിന്റെ സ്വന്തം നാടായ കേരളം അതിമനോഹരമാണെന്നും ഇവിടെ എപ്പോഴെത്തിയാലും പരമാവധി സമയം ചെലവഴിക്കാറുണ്ടെന്നും മന്ത്രി പറഞ്ഞു. കേരളത്തെയോർത്ത് അഭിമാനമുണ്ട്. ഓരോ വർഷവും 35 ലക്ഷം ആഭ്യന്തര ടൂറിസ്റ്റുകളാണ് കോവളത്തെത്തുന്നത്. രണ്ട് ലക്ഷത്തോളം വിദേശ വിനോദ സഞ്ചാരികളും വർഷംതോറും കോവളത്തെത്തുന്നുണ്ട്. ഡയറക്ടർ ജനറൽ ഓഫ് ലൈറ്റ്ഹൗസ് ആൻഡ് ലൈറ്റ്ഷിപ്പിന്റെ നേതൃത്വത്തിൽ അടുത്തിടെ വിഴിഞ്ഞം ലൈറ്റ് ഹൗസ് പുനരുദ്ധാരണം നടത്തുകയും ലിഫ്റ്റ് അടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ലൈറ്റ് ഹൗസ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞത്ത് ലൈറ്റ് ആൻഡ് സൗണ്ട് ഷോ ഉടൻ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

വരുന്ന അഞ്ചു വർഷത്തിനുള്ളിൽ ഇന്ത്യയെ ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സമ്പദ് വ്യവസ്ഥയാക്കുകയാണ് സർക്കാറിന്റെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാ മന്ത്രാലയങ്ങളും കഠിനപ്രയത്നം നടത്തി വരികയാണെന്നും ഇതിന്റെ ഭാഗമായാണ് ഷിപ്പിംഗ് മന്ത്രാലയം സാഗർമാലാ പ്രോജക്ട്, ലൈറ്റ് ഹൗസ് ടൂറിസം എന്നിവ അടക്കമുള്ള എല്ലാ പദ്ധതികളും നടപ്പാക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

ലൈറ്റ് ഹൗസ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാജ്യത്തെ 203 ലൈറ്റ് ഹൗസുകളിൽ 75 എണ്ണം ഇതിനകം ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി വികസിപ്പിച്ചു കഴിഞ്ഞു. നമ്മുടെ സമുദ്രതീരത്തെ ഈ ഐതിഹാസികമായ നിർമിതികളെ ഏറ്റവും ആകർഷകമായ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. ഈ ലക്ഷ്യം മുൻനിർത്തി രാജ്യത്തെ ബാക്കി ലൈറ്റ് ഹൗസുകളും വികസിപ്പിക്കാൻ ഒരുങ്ങുകയാണ് സർക്കാർ. 2014 വരെ വർഷം 3.5 ലക്ഷം ടൂറിസ്റ്റുകളാണ് ലൈറ്റ് ഹൗസുകൾ സന്ദർശിച്ചിരുന്നതെങ്കിൽ ഇന്നത് 17 ലക്ഷമാണ്. അടുത്ത അഞ്ച് വർഷം കൊണ്ട് ഇത് 25 ലക്ഷമാക്കി വർധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിലുള്ള 18 ലൈറ്റ് ഹൗസുകളിൽ 11 എണ്ണം വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇതിനകം വികസിപ്പിച്ചു കഴിഞ്ഞു. ലേസർ ലൈറ്റ് ആന്റ് സൗണ്ട് ഷോ, ഇലക്ട്രിക് വാഹനങ്ങൾ, കുട്ടികൾക്ക് കളിസ്ഥലം, അക്യുപ്രഷർ പാത്ത് വേ, സെൽഫി പോയന്റുകൾ, കഫറ്റേരിയ എന്നിവ അടക്കമുള്ള ആധുനിക സൗകര്യങ്ങളോടെയാണ് ലൈറ്റ് ഹൗസുകൾ വികസിപ്പിക്കുന്നത്.

കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജല ഗതാഗത മന്ത്രാലയത്തിന് കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് ലൈറ്റ്ഹൗസ് ആൻഡ് ലൈറ്റ്ഷിപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ എം വിൻസെന്റ് എം എൽ എ ആശംസകൾ അർപ്പിച്ചു. ലൈറ്റ് ഹൗസസ് ആന്റ് ലൈറ്റ്ഷിപ്പ് ഡയറക്ടർ ജനറൽ എൽ മുരുകാനന്ദം ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ വിനോദ സഞ്ചാരമേഖല നേരിടുന്ന വിവിധ പ്രശ്നങ്ങളും നൂതന ആശയങ്ങളും പങ്കുവെക്കപ്പെട്ടു. വിനോദ സഞ്ചാരം, ഹോട്ടൽ വ്യവസായം, വിമാനക്കമ്പനി പ്രതിനിധികൾ, ടൂറിസം ഗൈഡുമാർ, റസ്റ്റോറന്റ് അസോസിയേഷൻ ഭാരവാഹികൾ, ആയുർവേദ റിസോർട്ടുകളുടെ പ്രതിനിധികൾ തുടങ്ങി നിരവധി പേർ പങ്കെടുത്തു. പോർട്ട് ഷിപ്പിങ് വാട്ടർവെയ്സ് അഡ്വൈസർ ഡോ. കെ കെ നാഥ് സ്വാഗതവും ലൈറ്റ് ഹൗസ് ആന്റ് ലൈറ്റ് ഷിപ്പ് കൊച്ചി ഡയറക്ടർ അനിൽ ആന്റണി നന്ദിയും പറഞ്ഞു.

# വനം വകുപ്പിലെ വേതന കുടിശ്ശിക ഉൾപ്പെടെ ഉടൻ നൽകും മന്ത്രി എ.കെ.ശശീന്ദ്രൻ

## വന്യജീവി ആക്രമണ നഷ്ടപരിഹാര കുടിശ്ശിക, ദിവസ വേതന കുടിശ്ശിക എന്നിവ നൽകും

കുടിശ്ശിക തുകകൾ കൊടുത്തു തീർക്കുമെന്ന് നിയമസഭയിൽ മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയുടെ ഭാഗമായി വനം വകുപ്പിലെ വിവിധ കുടിശ്ശിക തുകകൾ നൽകാൻ ആരംഭിച്ചതായി വനം വന്യജീവി വകുപ്പുമന്ത്രി എ.കെ.ശശീന്ദ്രൻ അറിയിച്ചു. സംസ്ഥാനത്ത് വനം വകുപ്പിന്റെ വിവിധ ഡിവിഷനുകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഫോറസ്റ്റ് വാച്ചർമാർക്കും മറ്റ് ജീവനക്കാർക്കുമുള്ള വേതന കുടിശ്ശിക ഉടൻ കൊടുത്തു തീർക്കുമെന്നും മന്ത്രി അറിയിച്ചു.

ഈ വർഷം മെയ് 31 വരെയുള്ള വേതന കുടിശ്ശിക നൽകുന്നതിനായി 9.76 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ തുക എത്രയും വേഗം ജീവനക്കാർക്ക് ലഭ്യമാക്കും. മനുഷ്യവന്യജീവി സംഘർഷം മൂലം ജീവനും സ്വത്തിനും നാശനഷ്ടം സംഭവിച്ച ആളുകൾക്കും അവകാശികൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള തുകയും അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 3.21 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിലുള്ള കുടിശ്ശിക തുകയും വൈകാതെ നൽകാൻ സാധിക്കുന്നതാണ്.

വനത്തിനകത്ത് ജലലഭ്യത ഉറപ്പാക്കൽ, ദ്രുതകർമ്മ സേനകളുടെ രൂപീകരണം, നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, ജനവാസമേഖലകളിലിറങ്ങുന്ന വന്യമൃഗങ്ങളെ കൈകാര്യം ചെയ്യൽ, സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി കിഫ്ബി ഫണ്ടിൽ നിന്നും 110 കോടി രൂപ നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി കിഫ്ബി മുഖേന ഇതിനകം നൽകിയ 100 കോടി രൂപയ്ക്ക് പുറമെയാണ് ഇപ്പോൾ 110 കോടി രൂപ കൂടി അനുവദിക്കാൻ തീരുമാനമായിട്ടുള്ളത്. അനുവദിക്കപ്പെട്ട ഫണ്ട് ഫലപ്രദമായി വിനിയോഗിച്ച് വന്യജീവി ശല്യത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ സാധിക്കുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

# ലക്ചറർ നിയമനം

നെടുമങ്ങാട് സർക്കാർ പോളിടെക്നിക് കോളജിൽ കമ്പ്യൂട്ടർ എൻജിനിയറിങ് ബ്രാഞ്ചിൽ ലക്ചറർ തസ്തികയിൽ ഒരു ഒഴിവുണ്ട്. നിയമനം നടത്തുന്നതിനുള്ള കൂടിക്കാഴ്ച 15 ന് രാവിലെ 10.30 മുതൽ നടക്കും. കമ്പ്യൂട്ടർ എൻജിനിയറിങ്ങിൽ ബി.ടെക്കിൽ ഒന്നാം ക്ലാസ് ബിരുദമാണ് യോഗ്യത. ഉയർന്ന യോഗ്യതയും പ്രവൃത്തി പരിയവും ഉള്ളവർക്ക് മുൻഗണന നൽകും. താത്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, ബയോഡാറ്റ എന്നിവ സഹിതം നെടുമങ്ങാട് ഗവ. പോളിടെക്നിക് കോളജ് പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം.

# വാക്ഇൻ ഇന്റർവ്യൂ

റീജിയണൽ കാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് എൻജിനിയറെ (സിവിൽ) നിയമിക്കുന്നതിന് ന് വാക്ഇൻ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾ www.rcctvm.gov.in ൽ ലഭ്യമാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ലഹരിക്കെതിരെ ശക്തികുളങ്ങര തീരം

കൊല്ലം : ശക്തികുളങ്ങര സെന്റ് ജോൺ ഡി ബ്രിട്ടോ ഇടവകയിലെ സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി, ഫ്രാൻസിസ്കൻ സഭ, സി.എൽ. സി, കർമ്മലീത്താ സഭ, സമാരിറ്റൻസ് ശക്തികുളങ്ങര എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ 2024 ജൂലൈ 13 രാവിലെ 0830 മുതൽ വൈകിട്ട് 4 മണി വരെ സെന്റ് ആൻസ് കോൺവെന്റ് ഹാളിൽ വച്ച് 'സേ നോ ടു ഡ്രഗ്സ് ' എന്ന പേരിൽ ഒരു ഏകദിന ശില്പശാല നടത്തുന്നു.

ശില്പശാലയുടെ വിഷയങ്ങൾ 'ലഹരി വിപത്ത്.... എങ്ങനെ നേരിടാം', 'സോഷ്യൽ മീഡിയ അഡിക്ഷൻ' എന്നിവയാണ്. ശില്പശാല നയിക്കുന്നത് സംസ്ഥാനതലത്തിൽ പ്രശസ്തരായ റവ. ഫാദർ ബേർണി വർഗീസ് . ശ്രീമതി. മിനി മോൾ ജ, ശ്രീ ജോസഫ് സി മാത്യു തുടങ്ങിയവർ ആണ്.

സമാപന വേളയിൽ സിറ്റി പോലീസ് കമ്മീഷണർ ശ്രീ. വിവേക് കുമാർ കജട യുവതീ യുവാക്കളുമായി സംവദിക്കുന്നു.

ശില്പശാലയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 9446835695, 9446510350,9447301075 ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഉണ്ടായിരിക്കുന്നതല്ല.

ശില്പശാലയിൽ പങ്കെടുക്കുന്നവർക്കായി ഉച്ച ഭക്ഷണം, ലക്കിഡിപ് മുതലായവയും ഒരുക്കിയിട്ടുണ്ട്.




# കർക്കടകവാവ് ബലിതർപ്പണത്തിന് വിപുലമായ ക്രമീകരണങ്ങൾ : മന്ത്രി വി.എൻ വാസവൻ

കർക്കിടക വാവുബലി നടക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രാദേശികമായി അവലോകന യോഗങ്ങൾ ചേർന്ന് ക്രമീകരണങ്ങൾ ഉറപ്പാക്കണമെന്ന് ദേവസ്വംവകുപ്പ് മന്ത്രി വി. എൻ വാസവൻ നിർദ്ദേശം നൽകി. കർക്കിടകവാവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ ചർച്ചചെയ്യാൻ തിരുവല്ലത്ത് വിളിച്ചുചേർത്ത യോഗത്തിലാണ് ഇക്കാര്യം തീരുമാനിച്ചത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 20 ഗ്രൂപ്പുകളിൽ 15 ഗ്രൂപ്പുകളിലും ബലി തർപ്പണം നടക്കുന്ന കേന്ദ്രങ്ങളുണ്ട്. തിരുവല്ലം, ശംഖുമുഖം, വർക്കല, തിരുമുല്ലവാരം, ആലുവ അരുവിക്കര എന്നീ ആറ് കേന്ദ്രങ്ങൾ ആയിരക്കണക്കിന് ഭക്തർ എത്തിച്ചേരുന്ന വലിയ കേന്ദ്രങ്ങളാണ്. ഈ ആറ് കേന്ദ്രങ്ങളിലെ നടത്തിപ്പ് രീതി എല്ലാ ബലി തർപ്പണ കേന്ദ്രങ്ങളിലും ഭക്തജനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ പിന്തുടരണമെന്ന് മന്ത്രി നിർദ്ദേശം നൽകി. ഇതാദ്യമായാണ് എല്ലാ കേന്ദ്രങ്ങളിലും ഇത്തരത്തിൽ അവലോകന യോഗങ്ങൾ നടത്തി മുന്നൊരുക്കങ്ങളും സൗകര്യങ്ങളും ഒരുക്കുവാൻ തീരുമാനിക്കുന്നത്.

ജില്ലാ കളക്ടർമാരുടെ ചുമതലയിലായിരിക്കണം മറ്റ് സ്ഥലങ്ങളിലെ സൗകര്യങ്ങൾ വിലയിരുത്തി തീരുമാനങ്ങൾ എടുക്കേണ്ടത്. ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാനങ്ങൾ, പൊലീസ്, കെ.എസ്.ഇ.ബി, ഫയർഫോഴ്സ്, ആരോഗ്യ വകുപ്പ് എന്നിവരുടെ പ്രതിനിധികളും ദേവസ്വം അധികൃതരും ഉൾപ്പെടുന്ന യോഗം വിളിക്കും.

ശംഖുമുഖം തീരത്ത് ബലിതർപ്പണത്തിന് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് കളക്ടറുടെ നേതൃത്വത്തിൽ വിദ്ഗധസംഘം പരിശോധിച്ച് വേണ്ട കാര്യങ്ങൾ ചെയ്യാനും ധാരണയായി. ഒരു തവണ കുറഞ്ഞത് 500 പേർക്കെങ്കിലും ബലി കർമ്മം അനുഷ്ഠിക്കാനുള്ള സൗകര്യം ഒരുക്കാനാണ് നിർദ്ദേശം ഉയർന്നത്. ബലി തർപ്പണകേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ അറ്റകുറ്റപണി നടത്തേണ്ടതുണ്ടെങ്കിൽ അക്കാര്യം പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് മന്ത്രി യോഗത്തിൽ അറിയിച്ചു.

ആഗസ്റ്റ് മൂന്നാം തീയതി കർക്കിടക ബലിതർപ്പണം നടക്കുന്ന ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുക, താല്കാലിക പന്തൽ നിർമ്മിക്കുക, ബാരിക്കേഡുകൾ സ്ഥാപിക്കുക, ക്ഷേത്രവും പരിസരവും ശുചിയാക്കുക, തർപ്പണത്തിനാവശ്യമായ പുരോഹിതന്മാരെ നിയോഗിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഒരോ സ്ഥലത്തും സ്പെഷ്യൽ ഓഫീസർമാരെ നിയമിക്കുന്നതാണ് മഴക്കാലമായതിനാൽ ജലജന്യരോഗങ്ങളുടെ വ്യാപനം ഉണ്ടാകുവാനുള്ള സാധ്യത മുന്നിൽ കണ്ട് ബലി തർപ്പണത്തിനെത്തുന്നവർക്കായി തിളപ്പിച്ചാറിയ വെള്ളം വിതരണം ചെയ്യും . ബലിത്തറകൾ ലേലം കൊള്ളുന്നവർ തർപ്പണത്തിനെത്തുന്നവരെ ചൂഷണം ചെയ്യാതിരിക്കുന്നതിന് എല്ലാ കേന്ദ്രങ്ങളിലും ഏകീകൃത നിരക്ക് നിശ്ചയിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ബലിതർപ്പണ കേന്ദ്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുവാനും യോഗം തീരുമാനിച്ചു.

ശംഖുമുഖം, തിരുമുല്ലവാരം തുടങ്ങിയ കേന്ദ്രങ്ങളിൽ ബലിതർപ്പണം നടത്തുന്നതിനാവശ്യമായ അനുമതികൾക്കായി ബന്ധപ്പെട്ട ഓഫീസുകളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് കാലേകൂട്ടി അപേക്ഷകൾ സമർപ്പിക്കുന്നതും മുന്നൊരുക്കങ്ങൾ സ്വീകരിക്കുന്നതുമാണ്. അപകട സാധ്യതയുള്ള കടവുകളിലെല്ലാം ഫയർഫോഴ്സിന്റെയും സ്കൂബാ ടീമിന്റെയും സേവനം ഉറപ്പ് വരുത്തും. തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിഡന്റ് എൻ പ്രശാന്ത്, ദേവസ്വം വകുപ്പ് സെക്രട്ടറി രാജമാണിക്യം, തിരുവനന്തപുരം മേയർ, കൊല്ലം ജില്ല കളക്ടർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

